# സർക്കുലർ

പ്രിയപ്പെട്ട ഡിസ്ട്രിബ്യൂട്ടേഴ്സ്, ഫ്രാൻച്ചൈസീസ്,
ശുഭദിനം നേരുന്നു!!!!!

നിങ്ങൾ ഞങ്ങളുടെ വിലയേറിയ ചാനൽ പാർട്ണർമാരാണ്. കമ്പനിയുടെ ബിസിനസ്  റിസേർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്ക് വിധേയമാണെന്നും 2007 പേയ്മെന്റ് ആൻഡ് സെറ്റിൽമെന്റ് സിസ്റ്റംസ് ആക്ട് വ്യവസ്ഥയിലെ നിയമങ്ങളും നിയന്ത്രണങ്ങളും അനുസരിച്ചും ആണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾക്ക് അറിയാവുന്നതാണ്. ആർബിഐ ഗൈഡ്‌ലൈൻസ് പ്രകാരമുള്ള ആന്റി-മണി ലോൺഡറിങ് (എഎംഎൽ) ഗൈഡ്‌ലൈൻ, കോമ്പാറ്റിങ് ഫിനാൻസിങ് ഓഫ് റ്റെററിസ്റ്റ് (സിഎഫ്റ്റി) ഗൈഡ്‌ലൈൻ, നിങ്ങളുടെ കസ്റ്റമറെ അറിയുക (കെവൈസി) ഗൈഡ്‌ലൈൻ എന്നിവ കമ്പനിയുടെ ബിസിനസീന് ബാധകമാണ്. അതുകൊണ്ടുതന്നെ ബിസിനസ് സുഗമമായി നടക്കുന്നതിന് മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടത് കമ്പനിയുടേയും ചാനൽ പാർട്ണർമാരുടേയും ഉത്തരവാദിത്വമാണ്. കമ്പനിയുടേയും ചാനൽ പാർട്ണർമാരുടേയും താത്പര്യങ്ങൾ സംരക്ഷിച്ച്, കമ്പനിക്ക് ബുദ്ധിമുട്ടില്ലാതെ പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് ഈ സർക്കുലർ പുറത്തുവിട്ടിരിക്കുന്നത്

ഇന്ത്യയിലെമ്പാടുമുള്ള തീവ്രവാദ വിരുദ്ധ സ്ക്വാഡുകൾ, സൈബർ ക്രൈം സെല്ലുകൾ, ക്രൈം ബ്രാഞ്ച്, വിവിധ തരത്തിലുള്ള അന്വേഷണ ഏജൻസികൾ എന്നിവരുടെ അന്വേഷണത്തിലുള്ള കേസുകൾ മുഖേന, പല ഡിസ്ട്രിബ്യൂട്ടേഴ്സും ഫ്രാൻച്ചൈസികളും തട്ടിപ്പു നടത്തുന്നവരുടേയും  സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവരുടേയും പ്രലോഭനങ്ങൾക്ക് വഴങ്ങി അവർ പറയുന്ന വ്യാജ ലോട്ടറി സ്കീം/ സ്കാം എന്നിവയിൽ പങ്കെടുക്കുന്നു എന്ന് ഞങ്ങൾക്ക് അറിവു ലഭിച്ചു.

ഞങ്ങൾ വളരെയധികം ആദരിക്കുന്ന പല വിതരണക്കാർക്കും ഐസിഡബ്യൂകൾക്കും അവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചോദിച്ചുകൊണ്ട് +92 (പാക്കിസ്ഥാൻ) എന്ന കോഡിൽ തുടങ്ങുന്ന വിവിധ നമ്പറുകളിൽ നിന്നും കോളുകൾ വരാറുണ്ട്. യഥാർത്ഥത്തിൽ പല വിതരണക്കാരും അവരുടെ ബാങ്കിനെ കുറിച്ചുള്ള വിവരങ്ങൾ

കൊടുക്കുകയും അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച വളരെ വലിയ തുകകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോൾ ചെയ്യുന്ന ആൾ പിന്നീട് വിതരണക്കാരെ വിളിക്കുകയും അവരുടെ അക്കൗണ്ടിലേക്ക് പണം നിക്ഷേപിച്ചിട്ടുണ്ടെന്നും പറയുന്നു. പണം നിക്ഷേപിച്ചതിനു പകരമായി വിതരണക്കാരോട് അവരുടെ അക്കൗണ്ട് നമ്പറും ഇറ്റ്സ്കാഷ് കാർഡിന്റെ പാസ്സ്‌വേർഡും ചോദിക്കുന്നു.

- ചില കേസുകളിൽ ഒരാൾ പരിചയമില്ലാത്ത മറ്റൊരാളെ വിളിച്ച് (ഒരു ഡിസ്ട്രിബ്യൂട്ടർ, ഐസിഡബ്യൂ എന്നിവരല്ലാത്ത വ്യക്തി) ബാങ്ക് അക്കൗണ്ട് നമ്പർ ചോദിക്കുകയും സാധാരണക്കാരായ മറ്റ് ആളുകളെ (ഇവരോട് നിങ്ങൾ ലോട്ടറി ജയിച്ചിരിക്കുന്നുവെന്നും പ്രോസ്സസ്സിങ് ഫീസായി ഒരു തുക നിക്ഷേപിക്കണമെന്നും പറയുന്നു) പരിചയമില്ലാത്ത വ്യക്തിയുടെ അക്കൗണ്ടിൽ ചേർക്കുകയും ചെയ്യുന്നു,
- ഈ വ്യക്തി പരിചയമില്ലാത്ത ആ വ്യക്തിയെ വിളിച്ച് ആ പണം പിൻവലിക്കണമെന്നും ഇറ്റ്സ്കാഷ് കാർഡിനായി ഇറ്റ്സ്കാഷ് ഡിസ്ട്രിബ്യൂട്ടറെ സമീപിക്കണമെന്നും പറയുന്നു.
- ഒരു തവണ കാർഡ് വാങ്ങിക്കഴിഞ്ഞാൽ, പാക്കിസ്ഥാനിലുള്ള വ്യക്തി പരിചയമില്ലാത്ത വ്യക്തിയോട്  ഇറ്റ്സ്കാഷ് കാർഡിന്റെ അക്കൗണ്ട് നമ്പറുകളും പാസ്സ്‌വേർഡുകളും നൽകുവാൻ പറയുന്നു.

ഇന്ത്യയിലുള്ള  പട്ടണങ്ങളിലെ പലരേയും അവർ ഇത്തരത്തിൽ വഞ്ചിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ പോലീസ് അധികാരികൾ, സിബിഐ എന്നിവരുടെ ശ്രദ്ധയിൽപ്പെടുകയും അവർ അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ട്.
ഇത്തരത്തിലുള്ള കാര്യങ്ങൾക്കായി അവരുടെ ബാങ്ക് അക്കൗണ്ടുകൾ നൽകി വഞ്ചനയിൽ പങ്കാളികളായതിന് ഞങ്ങളുടെ ചില വിതരണക്കാർ അറസ്റ്റിലാകുകയും പോലീസ് ലോക്കപ്പിൽ ആകുകയും ചെയ്തിട്ടുണ്ട്. അറിഞ്ഞോ അറിയാതേയോ നിങ്ങളിൽ ആരെങ്കിലും ഇത്തരം വ്യാജ സ്കീം/ സ്കാമിൽ പങ്കാളികളാകുകയോ ഉൾപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ, എഎംഎൽ/ സിഎഫ്റ്റി/ കെവൈസി/ പിഎസ്എസ് ഗൈഡ്‌ലൈൻസ്, റെഗുലേഷൻസ് ആൻഡ് ആക്റ്റ് എന്നിവ അനുസരിച്ച് ശിക്ഷാർഹരാണ്.

അന്യദേശത്തുള്ളവർക്കോ പരിചയമില്ലാത്തവർക്കോ ഫോണിലൂടെ കാർഡുകൾ വിൽക്കുമ്പോൾ ശ്രദ്ധയും

ശുഷ്കാന്തിയും പാലിക്കണമെന്ന് ഐഎഫ്റ്റിഎസ്പിഎൽ നിങ്ങളെ ഉപദേശിക്കുന്നു. ചില്ലറ വ്യാപാരികൾ, ഐസിഡബ്ല്യൂ എന്നിവരല്ലാത്തവർക്ക് കാർഡുകൾ നൽകുമ്പോൾ അതീവ ശ്രദ്ധപുലർത്തണമെന്ന്  അപേക്ഷിക്കുന്നു. ഉപഭോക്താവ്  കൂടുതൽ മൂല്യമുള്ള കാർഡ് ആവശ്യപ്പെട്ടാൽ, കാർഡ് നൽകുന്നതിന് മുമ്പായി അയാളുടെ ഐഡി, മേൽവിലാസ രേഖകൾ, അയാളുടെ യഥാർത്ഥ ഫോൺ നമ്പർ എന്നിവ വാങ്ങി സൂക്ഷിക്കുക. ഫോണിലൂടെ അന്യദേശത്തുള്ളവർക്ക് നിങ്ങളുടെ അക്കൗണ്ട് നമ്പറും ഇറ്റ്സ്കാഷ് കാർഡിന്റെ പാസ്സ്‌വേർഡും വെളിപ്പെടുത്തരുത്. ഇറ്റ്സ്കാഷ് കാർഡിന്റെ പിൻവശത്ത് അച്ചടിച്ചിരിക്കുന്ന മറഞ്ഞിരിക്കുന്ന അക്കൗണ്ട് നമ്പറും പാസ്സ്‌വേർഡും നിങ്ങൾ സ്ക്രാച്ച് ചെയ്യരുത്.

ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിച്ചാൽ ഇത്തരത്തിലുള്ള വ്യാജ സ്കീമുകൾ/ സ്കാം മുഖേനയുണ്ടാകുന്ന ബാധ്യതകളിൽനിന്ന് ഐഎഫ്റ്റിഎസ്പിഎൽ സ്വയം കുറ്റവിമുക്തനാകുകയും  ഇത്തരത്തിലുള്ള വ്യാജ സ്കീമുകൾ മുഖേനയുണ്ടാകുന്ന ക്ളെയിം അല്ലെങ്കിൽ ശിക്ഷാ നടപടികളിൽ ബാദ്ധ്യസ്ഥനാകുകയോ ഉത്തരവാദപ്പെടുകയോ ചെയ്യുകയും ഇല്ല.

ഇത്തരത്തിലുള്ള വഞ്ചനാപരമായ സ്കീം/ സ്കാമുകളിൽ കക്ഷിയാകുകയോ ഉൾപ്പെടുകയോ ചെയ്തിട്ടുള്ള വിതരണക്കാർക്കും ഫ്രാൻച്ചൈസികൾക്കും എതിരായി, ഐഎഫ്റ്റിഎസ്പിഎൽ അനുയോജ്യമായ  നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും. വഞ്ചനാപരമായ പ്രവർത്തനങ്ങളിൽ നിങ്ങൾ ഏർപ്പെട്ടിട്ടുണ്ടെന്ന്  അറിവു ലഭിച്ചാൽ വിതരണക്കാരിൽ നിന്നു ലഭിച്ച എല്ലാ ഫണ്ടുകളും പിടിച്ചുവെയ്ക്കുവാൻ ഐഎഫ്റ്റിഎസ്പിഎല്ലിന് അവകാശമുണ്ട്.

നിങ്ങൾക്ക് ഇത്തരത്തിലുള്ള ഫോൺ വിളികൾ വരുകയോ ഇത്തരം സംഭവങ്ങൾ യാദൃച്ഛികമായി കാണുകയാണെങ്കിലോ ഉടൻതന്നെ ഐഎഫ്റ്റിഎസ്പിഎല്ലിലേക്ക് 022-61125757 എന്ന നമ്പറിൽ വിളിക്കുക അല്ലെങ്കിൽ  *help@itzcash.com* ൽ ഇ-മെയിൽ ചെയ്യുക.

ഇത്തരം അപരിചിതർ/ സംശയാസ്പദമായ ഫോൺ വിളികൾ എന്നിവയിൽ നിങ്ങൾ ഏർപ്പെടുകയോ അവ പ്രോൽസാഹിപ്പിക്കുകയോ ഇത്തരത്തിലുള്ള സ്കീമുകൾ/ സ്കാമുകൾ എന്നിവയ്ക്ക് ഇരയാകുകയോ ചെയ്യരുത്.

നന്ദി
ഇന്റർആക്ടീവ് ഫിനാൻഷ്യൽ - ട്രേഡിങ് സർവ്വീസസ് പ്രൈവറ്റ്
ലിമിറ്റഡിനുവേണ്ടി
തീയതി. 26/04/2011